No.A1-18454/2024

ജില്ലാ കോടതി, തലശ്ശേരി,
തീയതി : 20-02-2025.
ഫോൺ : 04902341008.
ഇ മെയിൽ : dctly@kerala.gov.in

# നോട്ടീസ്.

ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി തളിപറമ്പിൽ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

വകുപ്പ് :- സിവിൽ ജുഡീഷ്യറി.

| ക്രമനമ്പർ | തസ്തിക | വേതനം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് | Rs. 22,290/- | 1 |

**യോഗ്യത :-**

1 അപേക്ഷകർ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കോടതികളിൽ നിന്നോ, കോടതിയോട് സമാനതയുള്ള വകുപ്പുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നോ വിരമിച്ചവർ ആയിരിക്കണം .

2 അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല.

3. കോടതികളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന ഉണ്ടായിരിക്കും.

നിയമനം തുടർച്ചയായ 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരിക, അതുവരെ ആയിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടേയും യോഗ്യതകളുടേയും കൂടിക്കാഴ്ചകളുടേയും പ്രാക്ടിക്കൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് മുൻഗണനാക്രമത്തിൽ ആയിരിക്കും നിയമനം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ

പൂർണ്ണമായ ബയോഡാറ്റയും (മൊബൈൽ നമ്പറും ആധാർ കാർഡിന്റെ പകർപ്പ് ഉൾപ്പെടെ) വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും പെൻഷൻ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാ ജഡ്ജ്, ജില്ലാ കോടതി, തലശ്ശേരി പിൻ 670 101, എന്ന വിലാസത്തിൽ 06-03-2025 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കുന്ന വിധം നേരിട്ടോ, തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (NB : അപേക്ഷയിൽ മൊബൈൽ നമ്പർ/ ഇമെയിൽ ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്)

DISTRICT AND SESSIONS COURT
THALASSERY-670 101

ജില്ലാ ജഡ്ജ്.

പകർപ്പ് :-

1. കണ്ണൂർ ജില്ലയിലെ സിവിൽ & ക്രിമിനൽ കോടതികൾക്ക്.
2. ജില്ലാ കലക്ടർ, കണ്ണൂർ (നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന് വേണ്ടി)
3. പബ്ലിക്ക് റിലേഷൻ ഓഫീസർ, കണ്ണൂർ.
   (സംസ്ഥാനതലത്തിൽ പ്രസിദ്ധീകരണത്തിന്)
4. വെബ് സൈറ്റ്, ജില്ലാ കോടതി,തലശ്ശേരി.
5. നോട്ടീസ് ബോർഡ്, ജില്ലാ കോടതി,തലശ്ശേരി.
6. ഫയൽ / സ്റ്റോക്ക് ഫയൽ.